**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2655** **27-02-2023 - ൽ മറുപടിയ്ക്ക്**

**ബി.എസ്.എൻ.എൽ. എഞ്ചിനീയേഴ്സ് സഹകരണ സംഘം നിക്ഷേപ തട്ടിപ്പ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അൻവർ സാദത്ത് ,<br>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ,<br>ശ്രീ സി ആർ മഹേഷ്,<br>ശ്രീ. ടി. ജെ. വിനോദ് | | ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | ബി.എസ്.എൻ.എൽ. എഞ്ചിനീയേഴ്സ് സഹകരണ സംഘത്തിൽ 250 കോടിയോളം രൂപയുടെ നിക്ഷേപ തട്ടിപ്പ് നടന്ന സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് ഗൗരവത്തോടെ കാണുന്നുണ്ടോ; | (എ) | ബി.എസ്.എൻ.എൽ എഞ്ചിനീയേഴ്സ് സഹകരണ സംഘത്തിൽ നിക്ഷേപ തട്ടിപ്പ് നടന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയത് ഗൗരവത്തോടെ കാണുന്നു.ടി സംഘത്തിൽ സഹകരണ നിയമം വകുപ്പ് 65 പ്രകാരമുള്ള അന്വേഷണവും ക്രൈംബ്രാഞ്ച് അന്വേഷണവും നടന്നു വരുന്നു.വകുപ്പ് 65 പ്രകാരമുള്ള അന്വേഷണ ഉദ്യോഗസ്ഥർ സമർപ്പിച്ച ഇടക്കാല റിപ്പോർട്ടിൽ 146 കോടിയിലധികം രൂപയുടെ ക്രമക്കേട് നടന്നിട്ടുള്ളതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.തട്ടിപ്പ് നടത്തിയവർക്കെതിരെ ആർബിട്രേഷൻ കേസുകൾ ഫയൽ ചെയ്യുകയും ആയതിന്റെ ഭാഗമായി ടിയാളുകളുടെ വിവരങ്ങൾ ലഭ്യമായ വസ്തുക്കളിന്മേൽ 'Conditional Attachment' നടത്തിയിട്ടുമുണ്ട്. |
| (ബി) | പ്രസ്തുത സഹകരണ സംഘ തട്ടിപ്പിൽ അന്വേഷണം നടത്തുന്നുണ്ടോ; എങ്കിൽ അന്വേഷണത്തിന്റെ പുരോഗതി വിശദമാക്കാമോ; | (ബി) | ബി.എസ്.എൻ.എൽ എഞ്ചിനീയേഴ്സ് സഹകരണ സംഘത്തിൽ നിക്ഷേപ തട്ടിപ്പ് നടന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയത് ഗൗരവത്തോടെ കാണുന്നു.ടി സംഘത്തിൽ സഹകരണ നിയമം വകുപ്പ് 65 പ്രകാരമുള്ള അന്വേഷണവും ക്രൈംബ്രാഞ്ച് അന്വേഷണവും നടന്നു വരുന്നു.വകുപ്പ് 65 പ്രകാരമുള്ള അന്വേഷണ ഉദ്യോഗസ്ഥർ സമർപ്പിച്ച ഇടക്കാല റിപ്പോർട്ടിൽ 146 കോടിയിലധികം രൂപയുടെ ക്രമക്കേട് നടന്നിട്ടുള്ളതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.തട്ടിപ്പ് നടത്തിയവർക്കെതിരെ ആർബിട്രേഷൻ കേസുകൾ ഫയൽ ചെയ്യുകയും ആയതിന്റെ ഭാഗമായി ടിയാളുകളുടെ വിവരങ്ങൾ ലഭ്യമായ വസ്തുക്കളിന്മേൽ 'Conditional Attachment' നടത്തിയിട്ടുമുണ്ട്. |
| (സി) | തട്ടിപ്പിന്റെ ഭാഗമായി പണം നഷ്ടപ്പെട്ടവർക്ക് ആയത് തിരിച്ചുനല്കാൻ നടപടി സ്വീകരിക്കുമോ എന്ന് | (സി) | ടി സംഘത്തിൽ വകുപ്പ്തല അന്വേഷണവും ക്രൈംബ്രാഞ്ച് അന്വേഷണവും നടന്നു |

| | | | |
|---|---|---|---|
| | വ്യക്തമാക്കാമോ? | | വരുന്നു.കൂടാതെ ആർബിട്രേഷൻ നടപടികളും നടന്നു വരുന്നു.ആയത് പൂർത്തീകരിക്കുന്ന മുറയ്ക്ക് നിക്ഷേപം തിരികെ നൽകുന്ന നടപടി ക്രമങ്ങൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ